# ക്രിസ്തുമതം കേരളത്തിൽ



ലോകമെമ്പാടുമുള്ള ക്രൈ സ്തവജന സമൂഹങ്ങളിൽ ഏറ്റവും പ്രാചീനമെന്ന് അവകാശപ്പെടാവുന്ന കേരളക്രൈസ്തവ സമൂഹ ത്തിന് ക്രിസ്തുമതത്തോളം പഴക്കമുണ്ടെന്നു പറയാം. യേശുവിന്റെ പ്രഥമശിഷ്യരിൽ ഒരാളായ തോമ്മാശ്ലീഹായിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ച വരുടെ സന്തതിപരമ്പരകളാണ് തങ്ങളെന്ന് കേരളത്തിലെ ഒരു വലിയ വിഭാഗം ക്രിസ്ത്യാനികൾ അഭിമാനിക്കുന്നു. നാലാം നൂറ്റാണ്ടു വരെ, ഇന്ന് ക്രൈസ്തവകേന്ദ്രങ്ങളിൽ പ്രമുഖമായ റോമിൽ, ആദിമക്രൈസ്തവർ നിഷ്ഠരമായി പീഡിപ്പിക്കപ്പെടുകയും രക്തസാക്ഷിത്വം വരിക്കുകയും ചെയ്തപ്പോൾ ഇവിടെ മലയാളക്കരയിൽ ക്രിസ്തുമതവിശ്വാസികൾ സമാധാനപരമായി ദേവാലയങ്ങളിൽ ആരാധന നടത്തിയിരുന്നു വെന്നത് ഭാരതത്തിനൊന്നാകെ അഭിമാനിക്കാവുന്ന മതമൈത്രിയുടെ പ്രതീകമായി ചൂണ്ടിക്കാട്ടാം. കരളക്രൈസ്തവികതയുടെ പ്രാചീനതയും ഇത് വ്യക്തമാക്കുന്നു.

ഐതിഹ്യങ്ങൾ കിസ്തുശിഷ്യനായ –തോമസ് അപ്പസ്തോലൻ കേരളത്തിൽ വന്നതിനെക്കുറിച്ചും കേരളത്തിൽ ക്രിസ്തുമതം പ്രചരിപ്പിച്ച തിനെക്കുറിച്ചും പല ഐതിഹ്യങ്ങൾ നിലവിലുണ്ട്. യേശുവിന്റെ ക്രൂശുമരണത്തിനും ഉത്ഥാനത്തിനും ശേഷം ഗുരുവിന്റെ അഭീഷ്ടമനുസരിച്ച് ലോകമെങ്ങും ക്രൈസ്തവസന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് ശിഷ്യന്മാർ തീരുമാനിച്ചു. സുവിശേഷ വേലയ്ക്കായി അവർ അന്നറിയപ്പെട്ടിരുന്ന ലോകഭാഗങ്ങളുടെ പേരെഴുതി നറുക്കിട്ടു. തോമ്മാശ്ലീഹായ്ക്കു കിട്ടിയ കുറിയിൽ ഭാരതത്തിലേയ്ക്കു പോകാനായിരുന്നു നിർദ്ദേശം. എന്നാൽ വിദൂരരാജ്യമായ ഭാരതത്തിലേയ്ക്കു പോകാൻ അദ്ദേഹം മടിച്ചപ്പോൾ ശ്ലീഹായുടെ മുന്നിൽ ക്രിസ്തു പ്രത്യക്ഷനായി. ഭാരതത്തിൽ തോമ്മാശ്ലീഹായ്ക്കൊപ്പം താനുമുണ്ടാകുമെന്ന് പറഞ്ഞ് അദ്ദേഹത്തെ ധൈര്യപ്പെടുത്തിയ ശേഷം ഇരുപതു നാണയങ്ങൾക്ക് ഹാബാൻ എന്ന യഹൂദകച്ചവടക്കാരന് ശ്ലീഹായെ ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തുവെന്നാണ് ഒരു ഐതിഹ്യം.

ചോഴപ്പെടുമാൾ എന്നൊരു നാട്ടുരാജാവിനു ലഭിച്ച സ്വപ്നദർശ നമാണ് വിശുദ്ധനെ ഭാരതത്തിന്റെ മണ്ണിലെത്തിച്ചതെന്നാണ് മറ്റൊരു ഐതിഹ്യം. സ്വപ്നത്തിൽ രാജാവ് അതീവമനോഹരാമയൊരു സൗധം ദർശിച്ചു. അതിൻപ്രകാരം തനിക്കൊരു കൊട്ടാരം നിർമ്മിക്കുന്നതിന് കഴിവുള്ള തച്ചന്മാരെ കണ്ടുപിടിക്കുന്നതിനായി ചോഴപ്പെരുമാൾ ഹാബാൻ എന്ന യഹൂദകച്ചവടക്കാരനെ നിയോഗിച്ചു. ഈ യഹൂദ വ്യാപാരിക്കാണത്രെ ക്രിസ്തു തോമ്മാശ്ലീഹായെ ഏൽപ്പിച്ചു കൊടുത്തത്. അങ്ങനെ വിശുദ്ധൻ ഹാബാനൊപ്പം കൊടുങ്ങല്ലൂരെത്തി. ഇത് ക്രിസ്ത്വാബ്ദം 52-ലാണെന്നു കരുതപ്പെടുന്നു. കൊടുങ്ങല്ലൂരിൽ അന്ന് രാജപുത്രിയുടെ വിവാഹദിനമായിരുന്നു. രാജാവിന്റെ ക്ഷണപ്രകാരം ഹാബാനും തോമ്മാശ്ലീഹായും ആ വിരുന്നിൽ പങ്കെടുത്തു. എന്നാൽ ശ്ലീഹ സദ്യയിൽ പങ്കുചേരാതെ ആലോചനാനിമഗ്നനായി ഇരിക്കുന്നതുകണ്ട ഒരു രാജഭൃത്യൻ അദ്ദേഹം രാജവിരുന്നിനെ അവഹേളിക്കുകയാണന്നു കരുതി വിശുദ്ധന്റെ ചെകിട്ടത്തടിച്ചു. എന്നാൽ ശാന്തത കൈവെടിയാതെ ''അടിച്ച കൈ നായ കടിച്ചെടുത്തുകൊണ്ടു വരുമെന്ന് ശ്ലീഹ അരുൾ ചെയ്തു. തുടർന്ന് എന്തോ

ആവശ്യത്തിനായി പുറത്തേയ്ക്കു പോയ രാജഭൃത്യനെ ഒരു കടുവ ആക്രമിച്ച് അയാളുടെ കൈ വേർപെടുത്തുകയും ഒരു നായ വേർപെട്ട കൈ കടിച്ചെടുത്ത് വിരുന്നുശാലയിലെത്തുകയുമുണ്ടായി. വൈകാതെ തോമ്മാശ്ലീഹ തന്റെ അത്ഭുതപ്രവൃത്തിയാൽ രാജഭൃത്യന്റെ കൈ പൂർവ്വ സ്ഥിതിയിലാക്കുകയും ചെയ്തു.

തന്റെ വിരുന്നിനെത്തിയ യഹൂദൻ പല അത്ഭുതസിദ്ധികൾ ഉള്ള മഹാത്മാവാണെന്നു കണ്ടറിഞ്ഞ കൊടുങ്ങല്ലൂർ രാജാവ് രാജദമ്പതികളെ അനുഗ്രഹിക്കാൻ അദ്ദേഹത്തോടപേക്ഷിക്കുകയും അതനുസരിച്ച് ശ്ലീഹ അവരെ അനുഗ്രഹിക്കുകയും ചെയ്തു. ക്രമേണ രാജദമ്പതികൾ തോമ്മാശ്ലീഹയുടെ ആത്മീയസന്ദേശത്തിലും വിരക്തജീവിതത്തിലും ആകൃഷ്ടരായതറിഞ്ഞ് കോപാകുലനായ രാജാവ് അപ്പസ്തോലനെ ബന്ധിക്കുവാനാജ്ഞാപിച്ചു. എന്നാൽ അതിനു മുൻപേ തോമ്മാശ്ലീഹായും ഹാബാനും ചോഴപ്പെരുമാളിന്റെ സന്നിധിയിലേയ്ക്കു യാത്രയായി കഴിഞ്ഞിരുന്നു. പിന്നീട് ശ്ലീഹായെ ബന്ധനസ്ഥനാക്കാൻ ആജ്ഞാപിച്ച് കൊടുങ്ങല്ലൂർ രാജാവും, രാജദമ്പതികളും, സദസിലെ പല പ്രമാണിമാരും ക്രിസ്തുമതം സ്വീകരിക്കാനിടയായി എന്നു വിശ്വസിക്കപ്പെടുന്നു.

ചോഴപ്പെരുമാളിന്റെ സവിധത്തിലെത്തിയ തോമസ് അപ്പസ്തോലൻ രാജാവിന്റെ ആഗ്രഹപ്രകാരമുള്ള സൗധം പണിതു നൽകാമെന്നേറ്റ് പണം കൈപ്പറ്റുകയും അതു ദരിദ്രർക്ക് നൽകുകയും നാടെങ്ങും സുവിശേഷപ്രചരണം നടത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. നാളുകൾ കഴിഞ്ഞിട്ടും കൊട്ടാരം നിർമ്മിക്കാത്തതിൽ ക്ഷുഭിതനായ ചോഴപ്പെരുമാൾ വിശുദ്ധനെയും ഹാബാനെയും തുറുങ്കിലിട്ടു. ഇതിനിടയിലാണ് ചോഴപ്പെരുമാളിന്റെ അനുജൻ പെട്ടന്നുള്ള രോഗം ബാധിച്ചു മരിച്ചത്. പരലോകത്തെത്തിയ രാജസഹോദരന്റെ ആത്മാവ്, തോമ്മാശ്ലീഹ അവിടെ രാജാവിനു വേണ്ടി പണികഴിപ്പിച്ച അതിവിശിഷ്ട സൗധം കണ്ട് ആശ്ചര്യ പ്പെടുകയും ഉടൻ പുനർജ്ജീവിച്ച് താൻ കണ്ട കാഴ്ച രാജാവിനെ ധരിപ്പിക്കുകയും ചെയ്തു. ചോഴപ്പെരുമാൾ വിശുദ്ധനെ കാരാഗൃഹത്തിൽ നിന്നു മോചിപ്പിച്ച് മാപ്പപേക്ഷിക്കുകയും ചെയ്തുവെന്നും താമസിയാതെ രാജാവും, രാജസഹോദരനും, രാജസദസ്സിലെ ചില പ്രമാണിമാരും ക്രിസ്തുമതം സ്വീകരിച്ചുവെന്നുമാണ് ഐതിഹ്യം.

തോമ്മാശ്ലീഹായുടെ ആഗമനവും കേരളക്രിസ്തുമതത്തിന്റെ ഉല്പത്തിയും ചേർന്നുള്ള ഐതിഹ്യങ്ങൾക്ക് പല വകഭേതങ്ങളുണ്ട്. ഉദാഹരണമായി ഗുണ്ടഫർ എന്ന പാർത്ഥ്യൻ രാജാവിനു കൊട്ടാരം പണിയുന്നതിനാണ് ശ്ലീഹ ഭാരതത്തിലെത്തിയതെന്നും അദ്ദേഹം കൊട്ടാരം പണിയുന്നതിനേൽപ്പിച്ച പണമാണ് വിശുദ്ധൻ ദരിദ്രർക്ക് നൽകിയതെന്നും പ്രബലമായ ഐതിഹ്യമുണ്ട്. കൊട്ടാരം പണിയാത്തതിൽ രോഷംകൊണ്ട ഗുണ്ടഫറിനോട് സ്വർഗ്ഗരാജ്യത്തിൽ താനൊരു മനോഹരമാളിക പണികഴിപ്പിച്ചതായി അപ്പസ്തോലൻ പറഞ്ഞത്രെ. തുടർന്ന് രാജാവിനൊരു ദർശനം ലഭിക്കുകയും ക്രിസ്തുമതം സ്വീകരിക്കുകയാണുണ്ടായതെന്നും പറയപ്പെടുന്നു.

ഈ ഐതിഹ്യങ്ങളെയും പാരമ്പര്യത്തെയും അംഗീകരിക്കുന്ന, എന്നാൽ കാനോനികമായ സഭ സ്വീകരിക്കാത്ത പ്രാചീനഗ്രന്ഥമാണ് ‘തോമ്മാശ്ലീഹായുടെ നടപടികൾ. മൂന്നാം നൂറ്റാണ്ടിൽ സിറിയയിൽ വച്ച് സുറിയാനിയിൽ രചിച്ചതെന്നു കരുതപ്പെടുന്ന ഈ ഗ്രന്ഥത്തിൽ വിശുദ്ധ തോമസ്

അപ്പസ്തോലൻ ഭാരതത്തിൽ എത്തിയ സാഹ ചര്യങ്ങളും, ഗുണ്ടഫറിന്റെ നാട്ടിൽ നടത്തിയ സുവിശേഷവേലകളും, അത്ഭുതപ്രവർത്തനങ്ങളും തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വവും വിവരിക്കുന്നു. കൊല്ലത്തിനു വടക്കുള്ള നെൽക്കന്ദ (നിരണം), ചായൽ (നിലയ്ക്കൽ), കോക്കമംഗലം, പറവൂർ എന്നിവിടങ്ങളിൽ അദ്ദേഹം അത്ഭുതങ്ങൾ പ്രവൃത്തിച്ചതായും ജൂതർ, ബ്രാഹ്മണർ തുടങ്ങിയവരടക്കം ധാരാളം പേരെ ക്രിസ്തുമതത്തിലേയ്ക്ക് ആകർഷിച്ചതായും വാമൊഴികളും ഐതിഹ്യങ്ങളുമുണ്ട്.

ഒരുപക്ഷെ തോമ്മാശ്ലീഹായെക്കുറിച്ചുള്ള ഏറ്റവും പ്രശസ്തമായ ഐതിഹ്യം അദ്ദേഹം പാലയൂരെ അമ്പലക്കുളത്തിൽ മേല്പോട്ടെറിഞ്ഞ് വെള്ളം അന്തരീക്ഷത്തിൽ നിർത്തിയ അത്ഭുതമാണ്. അതു നേരിൽ കണ്ട ബ്രാഹ്മണർ ക്രിസ്തുമതം സ്വീകരിച്ചതായും വിശുദ്ധനിൽ വിശ്വസിക്കാതിരുന്ന ബ്രാഹ്മണർ ആ സ്ഥലത്തെ ശപിച്ചശേഷം പോയതായും പറയപ്പെടുന്നു. ബ്രാഹ്മണശാപമേറ്റ സ്ഥലം ശാപക്കാടായി അറിയപ്പെട്ടു. ആ സ്ഥലമാണത്രെ ഇന്നത്തെ ചാവക്കാട്. ഈ ഐതിഹ്യങ്ങൾ ആധാരമാക്കിയാണ്, തങ്ങളുടെ പൂർവ്വപിതാക്കന്മാർ തോമ്മാശ്ലീഹായിൽ നിന്നുമാണ് ക്രൈസ്തവ പാരമ്പര്യം സ്വീകരിച്ചതെന്ന് കേരളത്തിലെ സുറിയാനി ക്രിസ്ത്യാ നികൾ അഭിമാനിക്കുന്നതും വിശ്വസിക്കുന്നതും. ലോകത്തിലെ മറ്റൊരു ജനസമൂഹവും വിശുദ്ധ തോമസ് അപ്പസ്തോലനെ തങ്ങളുടെ ആത്മീയപിതാവായി സ്വീകരിക്കുന്നില്ലെന്ന വസ്തുതയും തോമ്മാശ്ലീഹയെ ഭാരതത്തിന്റെ സ്വന്തമാക്കിത്തീർക്കുന്നു.

‘‘തോമ്മാശ്ലീഹ ഭാരതത്തിലെത്തുമ്പോൾ യൂറോപ്പിലെ മിക്ക രാജ്യങ്ങൾക്കും ക്രിസ്തുമതം അജ്ഞാതമായിരുന്നു. അതിനാൽ ഭാരത ക്രൈസ്തവർക്ക് യൂറോപ്യൻ ക്രൈസ്തവരേക്കാൾ ദീർഘമായ ചരിത്രമാണുള്ളത്. ഇത് ഭാരതത്തിന് അഭിമാനിക്കാൻ വക നൽകുന്നു: രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് 1955 ഡിസംബർ 18ന് ന്യൂഡൽഹിയിൽ നടന്ന സെന്റ് തോമസ് സ്മരണാഘോഷങ്ങളിൽ അനുസ്മരിച്ചു.ഈ ഐതിഹ്യങ്ങളുടെ ചരിത്രപരമായ സാധ്യത തെളിയിക്കാൻ ബുദ്ധിമുട്ടാണെങ്കിലും പാരമ്പര്യത്തിന്റെയും വിശ്വാസങ്ങളുടെയും കരുത്താൽ സമ്പന്നമായ ഒരു പശ്ചാത്തലമുള്ളതിനാൽ 1972-ൽ പോപ്പ് പോൾ ആറാമൻ തോമ്മാശ്ലീഹയെ ‘ഭാരതത്തിന്റെ അപ്പസ്തോലനായി പ്രഖ്യാപിക്കുകയുണ്ടായി.

തോമ്മാശ്ലീഹ സ്ഥാപിച്ച ഏഴുപള്ളികൾ  സുവിശേഷത്തിനിടയിൽ തോമ്മാശ്ലീഹഏഴു പള്ളികൾ സ്ഥാപിച്ചതായാണു പാരമ്പര്യം.

- കൊടുങ്ങല്ലൂർ മാർത്തോമ്മാ പള്ളി
- കൊല്ലം പള്ളി (തരിസ്സാപ്പള്ളി)
- നിരണം പള്ളി (തൃക്കപാലേശ്വരം)
- നിലയ്ക്കൽ പള്ളി ( ചായൽ)
- കോക്കമംഗലം പള്ളി
- കോട്ടക്കാവുപള്ളി (പറവൂർ)
- പാലൂർ പള്ളി

ഇവ പഴയ ആരാധനാലയങ്ങൾ സ്വീകരിച്ചോ പുതിയവ ഉണ്ടാക്കുകയോ ചെയ്ത് അവിടെ സ്ലീവാ സ്ഥാപിച്ചാണ് പള്ളികളാക്കിയതെന്നു കരുതപ്പെടുന്നു. ഈ പള്ളികൾ ഇന്നത്തെ രീതിയലുള്ള കൂറ്റൻ ദേവാലയങ്ങളായിരുന്നില്ല. ആദ്യകാല ക്രൈസ്തവർക്ക് ഒരുമിച്ചു കൂടി പ്രാർത്ഥിക്കുന്നതിനും മാനസാന്തരപ്പെടുന്നതിനും അപ്പസ്തോലൻ ഏർപ്പെടുത്തിയ സൗകര്യങ്ങളായിരുന്നു.

**ഏഴരപ്പള്ളികൾ (അരപ്പള്ളികൾ)**

തോമ്മാശ്ലീഹാ ഏഴരപ്പള്ളികളാണ് കേരളത്തിൽ സ്ഥാപിച്ചതെന്നും ഐതിഹ്യമുണ്ട്. ഏതാണ്ട് അരപ്പള്ളിയെന്നതിനെ ചൊല്ലി പല അവകാശവാദങ്ങളുമുണ്ട്. സ്ലീവാ (കുരിശ്) മാത്രമുള്ളതാണ് അരപ്പള്ളി. ഇത് തിരുവിതാങ്കോട്ടെയാണെന്നാണ് ഒരു വാദം. ചൈനയിലേക്കുള്ള യാത്രയിൽ തിരുവാങ്കോട്ടു വച്ച് വിശുദ്ധൻ ചിലരെ മാനസാന്തരപ്പെടുത്തി ക്രിസ്തുമതവിശ്വാസികളാക്കിയെന്നും അവർക്കായി ഒരു സ്ലീവാ സ്ഥാപിച്ചതിനു ശേഷമാണ് അദ്ദേഹ പോയതെന്നുമുള്ള ഐതിഹ്യമാണ് ഈ വാദത്തിനാധാരം. തമിഴ് നാട്ടിലേയ്ക്കുള്ള യാത്രാമദ്ധ്യേ തോമ്മാശ്ലീഹ മലയാറ്റൂർ മലമുകളിൽ കയറി കുരിശുവച്ചു പ്രാർത്ഥിച്ചു എന്ന പ്രശസ്തമായ ഐതിഹ്യപ്രകാരം ആ കുരിശു സ്വർണ്ണമയമായി തിളങ്ങിയത്രെ. തീർത്ഥാടനകേന്ദ്രമായ മലയാറ്റൂരാണ് അരപ്പള്ളിയെന്നു പറയാനുള്ള കാരണമിതാണ്. ഇതേപോലെ തന്നെ അരുവിത്തുറയിലും, തൊടുപുഴത്താലൂക്കിലുള്ള മൈലക്കൊമ്പിലും വിശുദ്ധൻ സ്ലീവാ സ്ഥാപിച്ചെന്ന് തദ്ദേശവാസികൾ സമർത്ഥിക്കുന്നുണ്ടെങ്കിലും ഇവയെ സാധൂകരിക്കുന്ന പൊതുവായ ഐതിഹ്യങ്ങളോ വ്യക്തമായ തെളിവുകളോ ലഭ്യമല്ല.

**തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വം**

സുവിശേഷപ്രചാരണത്തിനായി തമിഴ്നാട്ടിലെത്തിയ തോമ്മാശ്ലീഹായ്ക്ക് കേരളത്തിലേതുപോലെ ഹൃദ്യമായൊരു സ്വീകരണം ലഭിച്ചില്ല. മാത്രമല്ല ബ്രാഹ്മണാധിപത്യം ശക്തമായതിനാൽ ക്രിസ്തുമതപ്രചാരണത്തിനെത്തിയ ശ്ലീഹായെ അവർ സംശയത്തോടും വിദ്വേഷത്തോടുമാണ് വീക്ഷിച്ചിരുന്നത്. മൈലാപ്പൂരിലെ ചിന്നമലയിലുള്ള ഒരു ഗുഹയിൽ പ്രാർത്ഥനാനിരതമായിരുന്ന വിശുദ്ധനെ ശത്രുക്കളുടെ നിർദ്ദേശപ്രകാരം ഒരു കൊലയാളി ശൂലംകൊണ്ടു നെഞ്ചിൽ കുത്തുകയാണുണ്ടായതത്രെ. ഗുരുതരമായി മുറിവേറ്റെങ്കിലും വിശുദ്ധൻ അവിടെനിന്നിറങ്ങി പെരിയമലയിലെ തന്റെ പ്രാർത്ഥനാസങ്കേതത്തിലെത്തി കൽക്കുരിശിനെ ആലിംഗനം ചെയ്തു മരിക്കുകയായിരുന്നുവെന്ന് ഐതിഹ്യം പറയുന്നു. കിസ്ത്വാബ്ദം 72 ജൂലൈ മൂന്നിനാണ് തോമ്മാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതെന്നു കരുതപ്പെടുന്നു. രക്തസാക്ഷിത്വത്തിന്റെ ഓർമ്മ (ദുക്റാനാ)യ്ക്കായി ജൂലൈ മൂന്ന് ദുക്റാനാ തിരുനാളായി ആചരിക്കുന്നു. തിരുനാളിനോടനുബന്ധിച്ച് എട്ടു ദിവസത്തെ പ്രാർത്ഥനകൾ, തീർത്ഥാടനം, മുത്തപ്പന്റെ ചാത്തമൂട്ടൽ എന്നിവയ്ക്കു പ്രാധാന്യം നൽകുന്നു.

ദുക്റാന തിരുനാൾ സംബന്ധിച്ച ആറാം ദിവസത്തെ ജപത്തിൽ ഒരുഭാഗത്ത് 'ഭാരതരാജ്യത്ത് ശൂലത്താൽ മരിച്ച വി. തോമ്മായേ..എന്നു കാണാവുന്നതാണ്. ഗ്രീക്കു സഭയിലെ ഒരു തക്സായിൽ ഒരു ഭാരതരാജാവിനാൽ ശ്ലീഹാ വധിക്കപ്പെട്ടുവെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. സെവില്ലെ വിശുദ്ധ ഈസിദോർ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ''ഭാരതത്തിലെ 'കലാമിനാ എന്ന് പട്ടണത്തിൽ വച്ച് തോമാശ്ലീഹാ കുന്തത്താൽ കുത്തപ്പെട്ട് മരമമടയുകയും അവിടെത്തന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു. സഭാപിതാക്കന്മാരായ വി. ജറോം, വി. അംബ്രോസ്, ഈസിദോർ ഓഫ് സെവിൽ, വി. ഗ്രിഗറി

തുടങ്ങിയവരുടെ ഗ്രന്ഥങ്ങളിലും, പുരാതന സഭാപഞ്ചാംഗങ്ങളിലും തോമ്മാശ്ലീഹ ഭാരതത്തിൽ സുവിശേഷപ്രചാരണം നടത്തിയതായി പറയുന്നു. വിശുദ്ധന്റെ ജീവിതം പോലെ തന്നെ രക്തസാക്ഷിത്വത്തെക്കുറിച്ചും പല ഐതിഹ്യങ്ങളും നിലനിൽക്കുന്നു.

An Article from Malayala Manorama

www.pallibhagamyouth.co.nr